"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് -ജീവനക്കാര്യം -വനം വകുപ്പിൽ തൃശ്ശൂരിൽ അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ഡോ. ഡേവിഡ് എബ്രഹാമിന്റെ നിലവിലുള്ള അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ടിയാനെ വിടുതൽ ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും, ടി ഒഴിവിൽ ഡോ.കെ ജി അശോകനെ അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറായി അന്യത്ര സേവനവ്യവസ്ഥയിൽ നിയമിച്ചും ഉത്തരവാകുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.527/2022/F&WLD    തീയതി, തിരുവനന്തപുരം, 25-11-2022

പരാമർശം:-

1. 0512.2017 -ലെ ജി.ഒ.(ആർ.റ്റി).നം.468/2017/വനം നമ്പർ ഉത്തരവ്.
2. 11.01.2022 -ലെ ജി.ഒ.(ആർ.റ്റി).നം.12/2022/വനം നമ്പർ ഉത്തരവ്.
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 24.06.2021 -ലെ എ എച്ച് ഡ/6183/2019-ഡി2 നമ്പർ നിരാക്ഷേപ പത്രം.
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 16.08.2022 -ലെ 4783/2022/CWW/WL2 നമ്പർ കത്ത്.

ഉത്തരവ്

വനം വകുപ്പിൽ തൃശ്ശൂർ ഡിവിഷനിൽ ഡോ. ഡേവിഡ് എബ്രഹാമിനെ അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറായി പരാമർശം (1) പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും, പരാമർശം (2) പ്രകാരം അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ചും ഉത്തരവായിരുന്നു.

2). വനം വകുപ്പിൽ തൃശ്ശൂരിൽ അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറായി അന്യത്ര സേവനവ്യവസ്ഥയിൽ നിയമിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി സർജനായി സേവനമനുഷ്ഠിച്ച് വരുന്ന ഡോ.കെ.ജി.അശോകൻ സമർപ്പിച്ച അപേക്ഷയും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നൽകിയ നിരാക്ഷേപപത്രവും തുടർ നടപടികൾക്കായി പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ തൃശ്ശൂരിൽ അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ഡോ. ഡേവിഡ് എബ്രഹാമിന്റെ നിലവിലുള്ള അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് (4.12.2021) വനം വകുപ്പിൽ നിന്നു വിടുതൽ ചെയ്യാൻ നിർദേശം നൽകി കൊണ്ടും, മേൽ ഒഴിവിൽ ഡോ.കെ.ജി അശോകനെ അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.

ഡോ.ഡേവിഡ് എബ്രഹാം, (ചീഫ് വൈൽഡ് ലൈഫ് വാർഡൻ മുഖാന്തരം).
ഡോ.കെ ജി അശോകൻ, (ചീഫ് വൈൽഡ് ലൈഫ് വാർഡൻ മുഖാന്തരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ്ബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Noushad S**
**Date: 25-11-2022 15:20:00**
സെക്ഷൻ ഓഫീസർ